# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2302     01.04.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

## എൻ.ആർ.എച്ച്.എം. പദ്ധതിച്ചെലവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം. പദ്ധതി വഴി സംസ്ഥാനത്ത് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; | (എ) എൻ.ആർ.എച്ച്.എം. പദ്ധതി വഴി സംസ്ഥാനത്ത് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>1. മാതൃ-ശിശു സംരക്ഷണ പദ്ധതി<br>2. കുടുംബാസൂത്രണ പദ്ധതി<br>3. ജനനി സുരക്ഷായോജനാ പദ്ധതി<br>4. ജനനി ശിശുസുരക്ഷാ കാര്യക്രം<br>5. കൗമാരക്കാർക്കുവേണ്ടിയുള്ള ആരോഗ്യ പദ്ധതി<br>6. സ്കൂൾ ഹെൽത്ത് പദ്ധതി<br>7. സമഗ്ര ആരോഗ്യ പദ്ധതി<br>8. ആദിവാസി മേഖലക്ക് വേണ്ടിയുള്ള ആരോഗ്യ പദ്ധതി<br>9. ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പദ്ധതി<br>10. ആശുപത്രികളിൽ അണുബാധ തടയുന്നതിനുള്ള പദ്ധതി<br>11. ആശ പദ്ധതി<br>12. വിവിധ ആരോഗ്യസ്ഥാപനങ്ങൾക്ക് (പി.എച്ച്.സി, സി.എച്ച്.സി-ഉപകേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ) സ്വതന്ത്ര വിനിയോഗ ഫണ്ട്, അറ്റകുറ്റ പണികൾക്കുള്ള ഗ്രാന്റ്, ആശുപത്രി വികസന സമിതിക്കുള്ള ഫണ്ട് എന്നിവ നൽകി വരുന്നു<br>13. ആയുഷ് പദ്ധതി<br>14. ആരോഗ്യ ബോധവത്കരണ പദ്ധതി<br>15. മൊബൈൽ മെഡിക്കൽ യൂണിറ്റ്<br>16. 108 ആംബുലൻസ് പദ്ധതിക്കുള്ള ധനസഹായം |

(....2)

17. ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പാക്കുക
18. ആരോഗ്യ വിവരശേഖരണ സംവിധാനം
19. രോഗ പ്രതിരോധ ചികിത്സാ പദ്ധതി
20. അയണിന്റെ കുറവുമൂലമുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പദ്ധതി
21. കൊതുകുജന്യരോഗങ്ങളുടെ നിയന്ത്രണ പദ്ധതി
22. കുഷ്ഠരോഗ നിയന്ത്രണ പദ്ധതി
23. ക്ഷയരോഗ നിയന്ത്രണ പദ്ധതി
24. അന്ധതാ നിവാരണ പദ്ധതി

(ബി) ഈ വർഷം ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും എന്തു തുകയാണ് സംസ്ഥാനത്തിനു ലഭ്യമായിട്ടുള്ളത്;

(ബി) എൻ.ആർ.എച്ച്.എം. പദ്ധതിക്കായി മറ്റു രോഗ നിവാരണ പദ്ധതികൾ ഉൾപ്പെടെ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിനു 204 കോടി രൂപ ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| ആർ.സി.എച്ച്. | 102.04 |
| എൻ.ആർ.എച്ച്.എം.അഡീഷണാലിറ്റീസ് | 87.38 |
| ഇമ്മ്യൂണൈസേഷൻ | 3.74 |
| മറ്റു രോഗ നിവാരണ പദ്ധതികൾ | 10.84 |
| ആകെ | **204.00** |

(സി) ഇതിൽ എന്തു തുക നാളിതുവരെ ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ ?

(സി) 28.02.2013 വരെ 272.75 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ കഴിഞ്ഞ വർഷത്തെ നീക്കിയിരുപ്പും സംസ്ഥാന വിഹിതവും ഉൾപ്പെടെയാണ്.

| | |
|---|---|
| ആർ.സി.എച്ച്. | 121.24 |
| എൻ.ആർ.എച്ച്.എം.അഡീഷണാലിറ്റീസ് | 125.18 |
| ഇമ്മ്യൂണൈസേഷൻ | 10.15 |
| മറ്റു രോഗ നിവാരണ പദ്ധതികൾ | 16.16 |
| ആകെ | **272.73** |

സെക്ഷൻ ഓഫീസർ